പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4458 25.10.2016-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.സ്വരാജ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നുണ്ടോ ; | (എ) & (ബി) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് സ്വിം എൻ സർവൈവ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെടുന്ന മുങ്ങിമരണങ്ങളുടെ എണ്ണം വളരെ കൂടുതലാണെന്നും അതിൽ കുട്ടികളാണ് ഏറെയും എന്ന വസ്തുകളുടെ വെളിച്ചത്തിൽ പ്രസ്തുത സാഹചര്യത്തെ അതിജീവിക്കുന്നതിന് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ (5 മുതൽ 12 വയസ്സ് വരെ) നീന്തൽ പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ടി പദ്ധതി നടപ്പിലാക്കി വന്നത്. സ്കൂളുകളിൽ പോർട്ടബിൾ സ്വിമ്മിംഗ് പൂൾ സ്ഥാപിച്ചാണ് പരിശീലനം നൽകുന്നത്. 2012 -ൽ ആരംഭിച്ച ഈ പദ്ധതി വഴി വിവിധ ജില്ലകളിലെ 8000-ത്തിലധികം കുട്ടികൾ പരിശീലനം നേടി.<br><br>സ്വിം ആന്റ് സർവൈവ് പദ്ധതി എല്ലാ സ്കൂളുകളിലും വ്യാപിപ്പിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സ്കൂളുകളിൽ കായിക പരിശീലനത്തിന്റെ ഭാഗമായി നീന്തൽ പരിശീലനം നിർബന്ധമാക്കുമോ . | | |
| (സി) | സ്കൂളുകളിൽ നിന്ന് മികച്ച നീന്തൽ താരങ്ങളെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | സ്കൂളുകളിൽ നിന്നുള്ള മികച്ച നീന്തൽ താരങ്ങളെ കണ്ടെത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്കൂൾ സ്പോർട്സ് ഹോസ്റ്റൽ സ്കീമിൽ ഉൾപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു. |

Manoj M

സെക്ഷൻ ഓഫീസർ